"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ 100 ദിന പരിപാടി - പഞ്ചായത്തുകളിലും നഗരസഭകളിലും വഴിയോര കച്ചവടക്കാരുടെ സർവ്വേ നടത്തുന്നതിന് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.1226/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 29/06/2021

---

പരാമർശം:- (1) 08.06.2021-ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) യുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിന്റെ മിനിട്സ്.

(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.06.2021-ലെ 4193/എഫ്/2021/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീയുടെ നേതൃത്വത്തിൽ കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ ദേശീയ നഗര ഉപജീവന ദൗത്യത്തിന്റെ ഭാഗമായി 2015-2017 കാലയളവിൽ കേരളത്തിലെ 93 നഗരസഭകളിൽ തെരുവ് കച്ചവടക്കാരുടെ സർവേ നടത്തിയിരുന്നു. ടി സർവ്വേ പ്രകാരം 24,643 തെരുവ് കച്ചവടക്കാരെ കണ്ടെത്തിയിട്ടുണ്ട്. ഈ നഗരങ്ങളിൽ തെരുവ് കച്ചവടക്കാർക്ക് തെരുവ് കച്ചവട നിയമ പ്രകാരമുള്ള വിവിധ നടപടികളും എൻ.യു.എൽ.എം. പദ്ധതിയുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങളും നിലവിൽ നടപ്പാക്കിവരുന്നു.

(2) സംസ്ഥാനത്ത് പ്രസ്തുത സർവേ പൂർത്തീകരിച്ച് നിലവിൽ നാല് വർഷം കഴിഞ്ഞ സാഹചര്യത്തിലും, കഴിഞ്ഞ രണ്ട് വർഷമായുള്ള കോവിഡ് മഹാമാരിയുടെ സാഹചര്യത്തിലും തെരുവ് കച്ചവടക്കാരുടെ എണ്ണം വളരെയധികം വർധിച്ചിട്ടുണ്ടെന്നും കൂടാതെ കേന്ദ്ര സർക്കാരിന്റെ അനുമാനപ്രകാരം കേരളത്തിൽ 1.20 ലക്ഷം തെരുവ് കച്ചവടക്കാർ ഉണ്ടെന്നും കണക്കാക്കപ്പെടുന്നു. പരാമർശം (1) പ്രകാരം നടന്ന അവലോകന യോഗത്തിൽ തെരുവ് കച്ചവടക്കാരുടെ സർവേ ഒരിക്കൽക്കൂടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള 93 നഗരസഭകളിലെ സർവേ നടത്തുന്നതിനോടൊപ്പം തന്നെ നഗരങ്ങളായി വളർന്നുകൊണ്ടിരിക്കുന്ന അർബൻ അഗ്ലോമറേഷന്റെ ഭാഗമായ സെൻസസ് ടൗണുകൾ, ഔട്ട്ഗ്രോത്തുകൾ എന്നിവ കൂടി ഉൾപ്പെടുത്തിയാണ് പുതിയ സർവേ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

(3) കുടുംബശ്രീ തയ്യാറാക്കിയ സർവേ ഫോം ഉപയോഗിച്ച് സമയബന്ധിതമായി സർവേ പൂർത്തീകരിക്കുന്നതിനും ആയതിലേയ്ക്കുള്ള ചെലവ് അതത് തദ്ദശസ്വയംഭരണ സ്ഥാനങ്ങളിൽ നിന്നും വിനിയോഗിക്കുന്നതിനും നഗരകാര്യ ഡയറക്ടറേയും പഞ്ചായത്ത് ഡയറക്ടറേയും ചുമതലപ്പെടുത്തികൊണ്ടുള്ള ഉത്തരവും നിർദ്ദേശങ്ങളും ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ തെരുവ് കച്ചവടക്കാരുടെ

സർവേ, ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരം സമയബന്ധിതമായി നടത്തി പൂർത്തീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) നഗരസഭകളിലെ സർവേ നടത്തുന്നതിന് നഗരസഭാ സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു;

(ii) അർബൻ അഗ്ലോമറേഷന്റെ ഭാഗമായി വരുന്ന പഞ്ചായത്തുകളിൽ സർവേ നടത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു;

(iii) നഗരസഭ, കോർപ്പറേഷൻ പരിധിയിൽ നഗരസഭാ സെക്രട്ടറി ചെയർമാനായ ടൗൺ വെൻഡിങ് കമ്മിറ്റി സർവേയുടെ മോണിട്ടറിങ് ചുമതല വഹിക്കേണ്ടതാണ്.

(iv) സർവേ നടത്തുന്നതിനുള്ള ചെലവ് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗിക്കേണ്ടതാണ്;

(v) സർവേ നടപടികളുടെ മേൽനോട്ടം നിർവ്വഹിക്കുവാൻ നഗരകാര്യ ഡയറക്ടറേയും പഞ്ചായത്ത് ഡയറക്ടറേയും ചുമതലപ്പെടുത്തുന്നു;

(vi) അനുബന്ധമായി ചേർത്തിട്ടുള്ള സർവേ ഫോമിന്റെ അടിസ്ഥാനത്തിൽ സർവേ നടത്തുന്നതിനുള്ള പരിശീലനം നൽകുന്നതിന് കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നു;

(vii) 05.07.2021-ന് സർവേ പൂർത്തിയാക്കി 16.07.2021-ന് ഡാറ്റാ എൻട്രി നടത്തി, ക്രോഡീകരിച്ച് കുടുംബശ്രീ സംസ്ഥാന മിഷനിൽ സമർപ്പിക്കുവാൻ നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ) / (ഇ.ആർ.എസ്.എ.), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ നഗരസഭ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : -

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) യുടെ പി.എ.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

# അനുബന്ധം

## കേരള സർക്കാർ - കുടുംബശ്രീ
## തെരുവു കച്ചവടക്കാരുടെ സർവേഫോം

I. വ്യക്തിഗത വിവരങ്ങൾ

1. പേര് :
2. സ്ഥിരമായ മെൽവിലാസം :
3. ഇപ്പോഴത്തെ വിലാസം :
4. താമസത്തിന്റെ തരം : സ്വന്തം വീട് ☐ വാടകയ്ക്ക് ☐ ഭവനരഹിതൻ ☐
5. സ്ത്രീ/ പുരുഷൻ/ഭിന്നലിംഗം :
6. വയസ്സ് :
7. വിഭാഗം : ജനറൽ ☐ എസ്.സി/എസ് ടി ☐ ഒബിസി ☐ ന്യൂനപക്ഷം ☐ മറ്റുള്ളവർ ☐
8. ഭിന്നശേഷി വിഭാഗത്തിൽ പെട്ടതാണോ : അല്ല/അതെ, ശാരീരികം/മാനസികം
9. റേഷൻ കാർഡ്തരം :
10. ദാമ്പത്യ നില : വിവാഹിത(ൻ) / അവിവാഹിത(ൻ) / വിധവ(വിഭാര്യൻ) / വിവാഹമോചിത(ൻ)
11. വിദ്യാഭ്യാസ യോഗ്യത : പ്രാഥമിക വിദ്യാഭ്യാസം ☐ പത്താം ക്ലാസ് ☐ ഹയർ സെക്കൻഡറി ☐ ഡിഗ്രി ☐ മറ്റുള്ളവ ☐
12. കുടുംബത്തിലെ അംഗങ്ങൾ:

| ക്രമ നമ്പർ | പേര് | വയസ്സ് | ബന്ധം | തൊഴിൽ | റിമാർക്സ് (കിടപ്പ് രോഗി, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ) |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | | |

13. മൊബൈൽനമ്പർ :

14. ബാങ്ക് അക്കൗണ്ട് : ഉണ്ട് ☐ ഇല്ല ☐

15. അക്കൗണ്ട് നമ്പർ :

16. ആധാർകാർഡ് : ഉണ്ട് ☐ ഇല്ല ☐

17. ആധാർനമ്പർ :

18. അല്ലാത്തപക്ഷം മറ്റേതെങ്കിലും ഐഡി കാർഡ് നമ്പർ സഹിതം :

19. മാതാപിതാക്കളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പേര് | ജീവിച്ചിരിപ്പുണ്ടോ? | ഉണ്ടെങ്കിൽ പ്രായം |
|---|---|---|---|
| 1. | അച്ഛൻ : | | |
| 2. | അമ്മ : | | |

## II. കച്ചവടത്തിന്റെ വിശദാംശങ്ങൾ

20. സ്ഥലത്തിന്റെ / റോഡിന്റെ / പ്രദേശത്തിന്റെ പേര് :

21. വാർഡിന്റെ പേര് :

22. വാർഡ്നമ്പർ :

23. കച്ചവട സ്ഥലത്തിന്റെ ഉടമ : പി.ഡബ്ല്യു.ഡി ☐ എൻ.എച്ച്.എ ☐ നഗരസഭ ☐
റവന്യൂ വകുപ്പ് ☐ സ്വകാര്യ ഭൂമി ☐ മറ്റുള്ളവ ☐

മറ്റുള്ളവയെങ്കിൽ വ്യക്തമാക്കുക :

24. കച്ചവട സ്ഥലത്തിന്റെ പ്രാധാന്യം: ആരാധനാലയം ☐ ടൂറിസ്റ്റ് സ്ഥലം ☐ ഓഫീസ് ☐
ജംഗ്ഷൻ ☐ പാർക്ക് ☐ മറ്റുള്ളവ ☐

മറ്റുള്ളവയെങ്കിൽ വ്യക്തമാക്കുക :

25. കച്ചവട സ്ഥലം തിരിച്ചറിയുന്നതിനുള്ള സൂചകം :

26. കച്ചവട മേഖലയുടെ (വെൻഡിംഗ് സോണിന്റെ) തരം (മനസ്സിലായതു പോലെ):

സ്വതന്ത്ര കച്ചവട മേഖല ☐ നിയന്ത്രിത കച്ചവട മേഖല ☐ നിരോധിത കച്ചവട മേഖല ☐

## III. കച്ചവടത്തിന്റെ സ്വഭാവം

27. കച്ചവടത്തിന് ഉപയോഗിക്കുന്ന സ്ഥല വിസ്തീർണ്ണം (സ്ക്വയർ ഫീറ്റിൽ) :

28. എത്ര മാസങ്ങളായി പ്രസ്തുത സ്ഥലത്ത് കച്ചവടം നടത്തുന്നു :

29. കച്ചവടത്തിന് സ്ഥിരമായി സ്വീകരിക്കുന്ന മാർഗം :

നിലത്ത് ☐ ഉന്ത് വണ്ടി ☐ താൽക്കാലിക പ്ലാറ്റ്ഫോം ☐ തല ചുമട് ☐ വാഹനങ്ങളിൽ ☐ മറ്റുള്ളവ ☐

30. കച്ചവടം നടത്തുന്നുരീതി : സ്റ്റേഷനറി വെൻഡിംഗ് ☐ മൊബൈൽ വെൻഡിംഗ് ☐

31. മൊബൈൽ വെൻഡിംഗ് ആണെങ്കിൽ കച്ചവട സ്ഥലം മാറിക്കൊണ്ടിരിക്കുന്ന കാലയളവ് :

സ്ഥിരമായി ☐ പ്രതിദിനം ☐ പ്രതിവാരം ☐ പ്രതിമാസം ☐

32. വിൽക്കുന്ന സാധനങ്ങളുടെ സ്വഭാവം :

33. കച്ചവടം നടത്തുന്നു സമയം :

34. കച്ചവട കാലാവധി : വർഷം മുഴുവൻ ☐ സീസണൽ ☐

35. സീസണൽ ആണെങ്കിൽ, കാലയളവ് വ്യക്തമാക്കുക :

36. ഉടമസ്ഥതയുടെ തരം : വ്യക്തിഗതം ☐ പങ്കാളിത്തം ☐ മറ്റൊരാളിനായി ☐

37. കച്ചവടത്തിന്റെ ഭാഗമാകുന്നവരുടെ എണ്ണം :

സ്വയം ☐ കുടുംബത്തിലെ മറ്റ് അംഗങ്ങൾ സഹായിക്കുന്നു (എണ്ണം) ☐☐ മറ്റുള്ളവർ (എണ്ണം) ☐☐

## III. മറ്റ് വിശദാംശങ്ങൾ

38. ഭക്ഷ്യ സുരക്ഷ ലൈസൻസ് ഉണ്ടോ : ഉണ്ട് ☐ ഇല്ല ☐ ബാധകമല്ല ☐

39. കച്ചവടത്തിനായി എന്തെങ്കിലും വായ്പയുണ്ടോ : ഉണ്ട് ☐ ഇല്ല ☐

40. ഉണ്ടെങ്കിൽ വായ്പയുടെ ഉറവിടം വ്യക്തമാക്കുക :

41. കച്ചവടത്തിനായുള്ള മൊത്തം നിക്ഷേപം :

42. കച്ചവടത്തിൽ നിന്ന് ആവശ്യമായ വരുമാനം ലഭിക്കുന്നുണ്ടോ : ഉണ്ട് ☐ ഇല്ല ☐

43. ശരാശരി ദൈനംദിന വരുമാനം രൂപയിൽ :

44. ഏതെങ്കിലും സർക്കാർ ക്ഷേമപദ്ധതിയിൽ അംഗത്വംഉണ്ടോ : ഉണ്ട് ☐ ഇല്ല ☐

ഉണ്ടെങ്കിൽപദ്ധതിയുടെ പേര് :

45. പി.എം സ്വാനിധി പദ്ധതിയിൽ നിന്നും പിന്തുണ ലഭിച്ചിട്ടുണ്ടോ : ഉണ്ട് ☐ ഇല്ല ☐

**ഔദ്യോഗിക ഉപയോഗം**

1. സർവേനടത്തിയ വ്യക്തിയുടെ പേര് :
2. സർവേതീയതി :
3. സർവേഏരിയ : മുനിസിപ്പാലിറ്റി / കോർപ്പറേഷൻ / പഞ്ചായത്ത്

4. ഔദ്യോഗിക പദവി :

5. ഒപ്പ് :